(ഇ) ഇത്രയും അളവ് വെള്ളമെടുക്കുന്നതുകൊണ്ട് നദിയിലെ ഒഴുക്ക് കുറയുകയും കടൽ വെള്ളം നദിയിലേയ്ക്ക് തള്ളിക്കയറുകയും ചെയ്യുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) പെരിയാറിൽനിന്നും 2001-ൽ 1783.42 ദശലക്ഷം ഘനമീറ്റർ (എം.എം.^{3}) വെള്ളവും 2002-ൽ 4037.03 ദശലക്ഷം ഘനമീറ്റർ വെള്ളവും ഒഴുകി എത്തിയിട്ടുണ്ട്.

(ബി) ഏകദേശം 230 എം.എൽ.ഡി.

(സി) ഏകദേശം 463 എം.എൽ.ഡി.

(ഡി) ഏകദേശം 10 എം.എൽ.ഡി.

(ഇ, എഫ്) തുലാവർഷത്തിൽ വേണ്ടത്ര മഴ ലഭിക്കാത്തതുകൊണ്ടും വേനൽ കാലത്ത് നദിയിലേയ്ക്ക് നീരൊഴുക്ക് കുറയുന്നതുകൊണ്ടും പുഴയിൽക്കൂടി കടലിലേയ്ക്ക് ഒഴുകിയെത്തുന്ന വെള്ളത്തിന്റെ അളവ് കുറയുന്നു. ഇതുമൂലം വ്യശ്ചിക വേലിയേറ്റ സമയത്ത് കടലിൽനിന്ന് നദിയിലേയ്ക്ക് ഉപ്പുവെള്ളം തള്ളിക്കയറാൻ ഇടവരുന്നുണ്ട്. ഉപ്പുവെള്ളം കയറുന്നത് താല്കാലിക ബണ്ട് നിർമ്മിച്ച് ഇപ്പോൾ തടയുന്നുണ്ട്.

കനാൽ റോഡ് നിർമ്മിക്കുന്നതിന് പ്ളാനും എസ്റ്റിമേറ്റും

11 [5366] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കനോലി കനാലിന്റെ സമീപത്തിലൂടെ അരയടത്ത് പാലം മുതൽ എരഞ്ഞിപ്പാലം വരെ കനാൽ റോഡ് നിർമ്മിക്കാൻ പ്ളാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻപ്രകാരമുള്ള വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി നടപ്പാക്കാൻ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) കോഴിക്കോട് നഗരത്തിലെ ഗതാഗതകുരുക്കിന് പരിഹാരമാകുന്ന പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത റോഡ് നിർമ്മിക്കാൻ എത്ര സ്ഥലം അക്വയർ ചെയ്യാനുദ്ദേശിക്കുന്നുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കനോലി കനാലിന് കിഴക്കുഭാഗത്തായി എരഞ്ഞിപ്പാലം മുതൽ അരേടത്തു പാലം വരെ രണ്ടു നിര റോഡ്, റോഡിന്റെ ഉപരിതലം മാക്സിമം ഫ്ളഡ് ലവലിൽനിന്ന് 50 സെ.മീ. ഉയർന്നുവരത്തക്കരീതിയിൽ നിർമ്മിക്കുവാൻ 3.05 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 13 കൾവർട്ടുകളും റോഡിന്റെ കിഴക്കുഭാഗത്ത് റീട്ടെയിനിംഗ് വാളും സൈഡ് ഡ്രെയിനും ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) പദ്ധതിയെപ്പറ്റി ഫീസിബിലിറ്റി സ്റ്റഡി നടത്തുവാൻ നാറ്റ്പാക്ക്/ആർ. ഇ.സി. കോഴിക്കോട് എന്നിവരോട് നിർദ്ദേശിക്കുകയും, നാറ്റ്പാക്ക് ഒരു പ്രാഥമിക പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. വിശദമായ പഠനം നടത്താൻ 2.30 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് നാറ്റ്പാർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അംഗീകാരം നൽകുന്ന കാര്യം പരിശോധനയിലാണ്.

(ഇ) വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള 150 സെന്റ് സ്ഥലമുൾപ്പെടെ ർണ്ട് ഏക്കർ സ്ഥലം അക്വയർ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

ഡാണപ്പടി-കാർത്തികപ്പള്ളി തോടിന്റെ സംരക്ഷണം

12 [5367] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ഡാണപ്പടി-കാർത്തികപ്പള്ളി തോടിന്റെ കരകളുടെ സംരക്ഷണത്തിനും ആഴം കൂട്ടുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംരക്ഷണ ഭിത്തിയുടെ നിർമ്മാണം നിലവിൽ എത്ര മീറ്റർ പൂർത്തി യായിട്ടുണ്ട്;

(സി) പ്രസ്തുത തോടിന്റെ ഏതൊക്കെ ഭാഗങ്ങളിലാണ് ഇനി സംരക്ഷണഭിത്തി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്; ഈ പ്രവൃത്തികൾ സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തി ലെത്തിയിട്ടുണ്ട്?

ഉത്തരം

(എ) ഹരിപ്പാട് മണ്ഡലത്തിലെ ഡാണപ്പടി-കാർത്തികപ്പള്ളി തോടിന്റെ കരകളുടെ സംരക്ഷണത്തിനും ആഴം കൂട്ടുന്നതിനുമായി ഇപ്പോൾ യാതൊരു നടപടികളും സ്വീകരി ച്ചിട്ടില്ല.

(ബി) തോടിന്റെ കരകളുടെ കുറച്ച് ഭാഗങ്ങൾ പി.ഡബ്ല്യു.ഡി. സംരക്ഷണ ഭിത്തി കെട്ടിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബാക്കി ഭാഗങ്ങൾ ഭിത്തി കെട്ടി സംരക്ഷിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ആക്കുളം കായലിന്റെ ശുദ്ധീകരണം

13 [5368] ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായലിന്റെ ആഴവും സൗന്ദര്യവും വീണ്ടെടുക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ തയ്യാറാക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ആക്കുളം കായലിന്റെ ആഴം വർദ്ധിപ്പിക്കാനുള്ള പദ്ധതിയിൽ വെൺപാല വട്ടം പാലം മുതൽ കുഴിവിള റോഡുവരെയും ഒരുവാതിൽ കോട്ട മുതൽ ആക്കുളം വരെയുള്ള മുഴുവൻ കായൽ പ്രദേശങ്ങളും ഉൾപ്പെടുത്തുവാൻ തയ്യാറാകുമോ;

LIBRARY ARCHIVES Kerala Legislative Assembly